ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ താമസിക്കുന്ന ആളുകൾക്ക് ചെയ്തുകൊടുക്കേണ്ട സൗകര്യം ചെയ്തുകൊടുക്കും. അതിനുള്ള തുക ചെലവാക്കും.

ശ്രീ. പ്രാക്കുളം ഭാസി: എന്നുമുതൽ ഈ പദ്ധതി ആരംഭിച്ചു?

ശ്രീ. കെ. കൊച്ചുകുട്ടൻ: 1954-ലാണ്.

ശ്രീ. പ്രാക്കുളം ഭാസി: എത്രപേർക്ക് ഇതുവരെ സ്ഥലം കൊടുത്തിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: 772 പേർക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: എത്രപേരെ താമസിപ്പിക്കണമെന്നുദ്ദേശിച്ചാണ് ഈ പദ്ധതി ആരംഭിച്ചത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏതാണ്ട് 8,000 കുടുംബക്കാരെ.

ശ്രീ. പ്രാക്കുളം ഭാസി: ഈ രണ്ടാമൻമാർ അയിക്കാരന്മാരിൽ വന്നതിനുശേഷം എത്രപേർക്ക് സ്ഥലം കൊടുത്തു?

ശ്രീ. കെ. കൊച്ചുകുട്ടൻ: 200-ൽപരം ആളുകൾക്കു കൊടുത്തു. ഏതാണ്ട് 200 ആളുകൾക്കുകൂടി അടുത്തു കൊടുക്കുന്നതുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ സ്ഥലം മദ്രാസ് സംസ്ഥാനത്തിനു വിട്ടുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിയാൻപാടില്ല.

കമ്മ്യൂണിറ്റി പ്രോജക്ടുകളിലെ വായ്പകൾ

* 646. [6] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര-വിളവങ്കോട്, കുന്നത്തുനാട്, ചാലക്കുടി എന്നീ കമ്മ്യൂണിറ്റി പ്രോജക്ടുകളിൽ ഓരോന്നിലും വായ്പകൾ നൽകുവാനായി നീക്കിവച്ചിട്ടുള്ള തുക എത്ര വീതം;

(ബി) ഓരോ പ്രോജക്ടിലുംനിന്ന് ഇതുവരെ കൊടുത്തിട്ടുള്ള വായ്പയുടെ തുക എന്ത്;

(സി) ഓരോ പ്രോജക്ടിലും എത്ര ആളുകൾക്ക് ഇതിനകം വായ്പ നൽകിയിട്ടുണ്ട്;

(ഡി) ഓരോ പ്രോജക്ടിലും പതിനായിരം രൂപയ്ക്കുമേലുള്ള തുകയ്ക്ക് എത്രപേർക്ക് വായ്പ കൊടുത്തിട്ടുണ്ട്;

(ഇ) ഒരാളിനു കൊടുത്തിട്ടുള്ള ഏറ്റവും വലിയ വായ്പ എത്ര രൂപ; അതാർക്ക്; ഏതാവശ്യത്തിന്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നെയ്യാറ്റിൻകര-വിളവംകോട് 4,32,000 രൂപ
കുന്നത്തുനാട്-ചാലക്കുടി 5,93,000 ,,

(ബി) നെയ്യാറ്റിൻകര-വിളവംകോട് കമ്മ്യൂണിറ്റി പ്രോജക്ടിൽനിന്ന് ഇതുവരെ 2,62,121 രൂപ 14 അണ വായ്പ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുന്നത്തുനാട്–ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽ നിന്ന് 4,50,529 രൂപ 12 അണ 2 പൈ വായ്പ കൊടുത്തിട്ടുണ്ട്.

(സി) നെയ്യാറ്റിൻകര–വിളവംകോട് കമ്മ്യൂണിറ്റി പ്രോജക്റ്റിൽനിന്ന് 550 പേർക്കും, കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റിൽ നിന്ന് 2328 പേർക്കും വായ്പ കൊടുത്തിട്ടുണ്ട്.

(ഡി) നെയ്യാറ്റിൻകര–വിളവംകോട് പ്രോജക്റ്റിൽ രണ്ടു പേർക്കു കൊടുത്തിട്ടുണ്ട്. കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റിൽ ആർക്കും കൊടുത്തിട്ടില്ല.

(ഇ) കുന്നത്തുനാട്–ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽ നിന്നും വായ്പ കൊടുത്തിട്ടുള്ള ഏറ്റവും വലിയ സംഖ്യ 3000 രൂപയാണ്. നെയ്യാറ്റിൻകര–വിളവംകോട് പ്രോജക്റ്റിൽ നിന്നും വായ്പ കൊടുത്തിട്ടുള്ള ഏറ്റവും വലിയ സംഖ്യ 60,000 രൂപയാണ്. കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റിൽനിന്നും ഏറ്റവും വലിയ വായ്പയായ 3000 രൂപ കൊടുത്തിട്ടുള്ളത് ഇടപ്പള്ളി അറയ്ക്കൽ വീട്ടിൽ കുഞ്ഞു എന്ന ആളിനാണ്. Smoked fish വ്യവസായ സഹായത്തിനാണ് കൊടുത്തിട്ടുള്ളത്. നെയ്യാറ്റിൻകര–വിളവംകോട് പ്രോജക്റ്റിൽ നിന്നും 60,000 രൂപ വായ്പ കൊടുത്തിട്ടുള്ളത് ശ്രീ. സി. എസ്. സേതുരാമൻ എന്ന ആൾക്കാണ്. അദ്ദേഹം ഹോസിയറി വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ വായ്പ അപേക്ഷിച്ചതിൻപ്രകാരം കൊടുത്തിട്ടുള്ളതാണ്.

ശ്രീ. പി. വിശ്വംഭരൻ: നെയ്യാറ്റിൻകര–വിളവംകോട് പ്രോജക്റ്റിലും കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റിലും വായ്പ കൊടുക്കുന്ന കാര്യത്തിൽ വ്യത്യസ്തമായ മാനദണ്ഡങ്ങൾ സ്വീകരിച്ചിരിക്കുന്നതിന്റെ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുസംബന്ധിച്ചുള്ള വിഷയം രണ്ടിടത്തും ഒന്നുതന്നെയാണ്. കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റിൽ ചുരുങ്ങിയ വായ്പകൾ അനേകമാളുകൾക്ക് കൊടുത്തിരിക്കയാണ്. നെയ്യാറ്റിൻകര–വിളവംകോട് പ്രോജക്റ്റിൽ ഒന്നുരണ്ട് വലിയ സംഖ്യകൾ വായ്പകൊടുത്തതായി കാണുന്നുണ്ട്. രണ്ടായിരം രൂപ വരെയുള്ള വായ്പകൾ അസൈസറികമ്മിറ്റിയുടെയും മറ്റും അഭിപ്രായം കൂടി നോക്കി അതാതു പ്രോജക്റ്റ് എക്സിക്യൂട്ടീവ് ആഫീസർമാർ കൊടുക്കുന്നു. അതൊന്നും ഗവണ്മെന്റിൽ വരുകയുണ്ടായില്ല. അതിൽ കൂടിയ വായ്പകൾമാത്രമേ ഗവണ്മെന്റിൽ വരികയുള്ളൂ. അങ്ങിനെയുള്ള കേസുകൾ വളരെ അപൂർവമായതുകൊണ്ട് അതിനെപ്പറ്റി കൂടുതൽ സൂക്ഷ്മമായി എനിക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. വിശ്വംഭരൻ: ചെറിയ തുകകൾ വായ്പ നൽകുന്നതിന് നെയ്യാറ്റിൻകര–വിളവംകോട് പ്രോജക്റ്റിനു നിർദ്ദേശം നൽകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നൽകാം.

ശ്രീ. പി. വിശ്വംഭരൻ: 60,000 രൂപ വായ്പ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഏതാവശ്യത്തിനാണ് ആ വായ്പ വാങ്ങിച്ചതും ആ ആവശ്യത്തിനാണോ ആ തുക ചെലവാക്കിയിട്ടുണ്ടോ എന്നു പരിശോധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം മാസി : ആ ഫാക്ടറിയിൽ 60,000 രൂപയുടെ അസറ്റുണ്ടോ എന്ന് അന്വേഷിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വായ്പ കൊടുക്കുന്നതിനു മുമ്പേ അതു് പരിശോധിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മെംബർ അന്വേഷിക്കണമെന്നു് പറയുന്നതുകൊണ്ടു് അന്വേഷിക്കാം.

ശ്രീ. പി. മാസ്കരൻ നായർ : കൃഷിഭൂമി - സ്വന്തമായുള്ളവർക്കു മാത്രമേ വായ്പ കൊടുക്കുകയുള്ളോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു് നോട്ടീസ് വേണം.

ശ്രീ. എ. കുഞ്ഞൻ നാടാർ : 10,000 രൂപയ്ക്കുമേൽ പുതിയ വായ്പകൾ കൊടുത്തിട്ടുണ്ടോ എന്നും അതുക്കെല്ലാമായിട്ടെന്നും പറയാമോ ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടു വായ്പകൾ. ഒന്നു് സി. എസ്സ്. സേതുരാമനും, മറ്റൊന്നു് പി. കെ. രാമൻ പിള്ളയ്ക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ : എന്തിനാണു് വായ്പ കൊടുത്തതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സേതുരാമനു് കൊടുത്തതു് ഹോസിയറിവ്യവസായം തുടങ്ങുന്നതിനാണു്. രാമൻ പിള്ളയ്ക്കു് കൊടുത്തതു് അദ്ദേഹത്തിന്റെ കൃഷിഭൂമികൾ ഈടുവെടുത്തുന്നതിനാണു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഹോസിയറിവ്യവസായം എവിടെയാണു് നടത്തുന്നതെന്നു് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു് നോട്ടീസ് വേണം.

ശ്രീ. എം. മോഹനൻനായർ : 2000 രൂപവരെയുള്ള വായ്പകൾ അപ്രൈസറി കമ്മറ്റിയുമായി ആലോചിച്ചു കൊടുക്കണമെന്നു് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ള ഗോവിന്ദമേനോൻ : നോക്കിപ്പറയാം.

ശ്രീ കെ. എ. പൗലൻ : ഈ തുകകൾ എല്ലാം ഇൻഡസ്ട്രിയൽ ലോണായിട്ടാണോ കൊടുക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡസ്ട്രിയൽ അല്ലാതെയും കൊടുത്തിട്ടുണ്ടാകും.

ശ്രീ. കെ. എ. പൗലൻ : ഏതു ശതമാനം വ്യവസായത്തിനു് കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ള ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. എൻ. പരമേശ്വരൻ പിള്ള : മൈനിംഗ് പ്രോജക്ടിന്റെ നിന്നും എൻ. ഇ. സ്സ്. ബ്ലോക്കിൽനിന്നും കഴിവുടത്തോളം സഹകരണ സംഘങ്ങൾക്കുമാത്രം വായ്പകൊടുക്കാൻ വ്യവസ്ഥചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പി ി ഗോവിന്ദമേനോൻ: ...തെ...ര പാള സി സംബന്ധമായ കാര്യമാണ്. ചെട്ടിയ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി ടി കേശവൻ ശാസ്ത്രി: ഈ വായ്പകളെല്ലാം പ്രത്യേകം പ്രത്യേകം ജംമ്പുമേ മറ്റ രേഖകളോ വാങ്ങിയിട്ടാണോ കൊടുത്തിട്ടുള്ളത്?

ശ്രീ പനമ്പി ി ഗോവിന്ദമേനോൻ: രേഖകളും സെക്യൂരിറ്റിയും കാണും. ഇല്ലാതെ കൊടുക്കുകയില്ല.

മെയിൻറോഡിൽക്കൂടിയുള്ള ജാഥാനിരോധനം.

*647. [7] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവുചെയ്ത് മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ മെയിൻറോഡിൽക്കൂടിയുള്ള ജാഥാനിരോധനം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുമുതൽക്കാണ് ഈ നിരോധനം ഏർപ്പെടുത്തിയത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവനന്തപുരം സിറ്റിയിൽ മെയിൻറോഡിൽക്കൂടിയുള്ള ജാഥാനിരോധനം നിലവിലുണ്ട്.

(ബി) 22-10-1952-ൽ ആണ് ഈ നിരോധനം ഏർപ്പെടുത്തിയത്.

ശ്രീ. വി. ശ്രീധരൻ: ഈ നിരോധനം എപ്പോഴും സമയത്തേക്കാണോ?

ശ്രീ. എ. ജെ. ജോൺ: രാവിലെ ഏട്ടുമണി മുതൽ രാത്രി പന്ത്രണ്ടുമണി വരെയാണ്.

ശ്രീ. വി. ശ്രീധരൻ: നിരോധനം ഏർപ്പെടുത്താനുള്ള കാരണങ്ങൾ എന്തെങ്കിലും പറയാമോ?

ശ്രീ. എ. ജെ ജോൺ: ജനക്ഷേമത്തെ കരുതിയാണ്.

ശ്രീ. വി. ശ്രീധരൻ: ജനക്ഷേമം എന്നു പറയുന്നതിന്റെ മനസ്സിലെന്താണ്?

ശ്രീ. എ. ജെ. ജോൺ: കിഴക്കേ കോട്ടമുതൽ മ്യൂസിയം വരെ ഉള്ള റോഡിൽ വാഹനഗതാഗതവും ആൾസഞ്ചാരവും വളരെ ക്ലേശകരമായി ഉണ്ടായിക്കൊണ്ടു വരുന്നുണ്ടെന്നുള്ളതുകൊണ്ട് അവിടെ അടിക്കടി ഹർത്താലുകൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയും അപകടങ്ങൾ ഉണ്ടാകാതിരിക്കുവാനും വേണ്ടിയാണ്. അതാണ് ജനരക്ഷയെ കരുതി നിരോധനം ഏർപ്പെടുത്തിയത് എന്നു പറഞ്ഞത്.

ശ്രീ. വി. ശ്രീധരൻ: ഏതെങ്കിലും പാർട്ടിക്കു, പാർട്ടി അടിസ്ഥാനത്തിൽ ജാഥ നടത്താൻ അനുവാദം കൊടുക്കാതെയിരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly